॥ ओ३म् ॥

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക – ദാർശനിക മാസിക

## DAYANANDA SANDESAM

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 9 ലക്കം : 1

സൃഷ്ടി സംവത്സരം 1972949123 കലിവർഷം 5123 വൈദിക സൗരമാസം : നഭസ് – നഭസ്യ
ചാന്ദ്രമാസം : ആഷാഢം – ശ്രാവണം, കൊല്ലവർഷം 1196 കർക്കടകം – ചിങ്ങം 2021 ജൂലൈ

വാർഷിക വരിസംഖ്യ : ₹ 100/- ദീർഘകാലം : ₹ 1500/-



ആചാര്യ ആര്യഭാസ്ക്കർജി (1931 – 2013)

### ഭാരത ചരിത്രത്തിൽ ഈ മാസം ഓർത്തിരിക്കേണ്ട പ്രധാന ദിനങ്ങൾ

ജൂലൈ 6 : ഡോ..ശ്യാമപ്രസാദ് മുഖർജി ജന്മദിനം
ജൂലൈ 19 : മംഗൾ പാണ്ഡെ ജന്മദിനം
ജൂലൈ 21 : ആചാര്യ ആര്യഭാസ്കർജി നിർവാണദിനം
ജൂലൈ 23 : ബാലഗംഗാധര തിലക് ജന്മദിനം
ചന്ദ്രശേഖർ ആസാദ് ജന്മദിനം
ജൂലൈ 31 : ഷഹീദ് ഉദ്ധംസിംങ് രക്തസാക്ഷിദിനം

"മാനവരെല്ലാം ആര്യന്മാർ!
വേദജ്ഞാനം ഈശ്വരദത്തം!
സേവനമല്ലോ നമ്മുടെ ധർമ്മം! "

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം



മണ്ഡലം 1 സൂക്തം 11

ജേതാ മാധുച്ഛന്ദസ ഋഷിഃ । ഇന്ദ്രോ ദേവതാ ।

വിരാഡനുഷ്ടുപ്പ് ഛന്ദഃ । ഗാന്ധാര സ്വരഃ ॥

**മായാഭിരിന്ദ്ര മായിനം ത്വം ശുഷ്ണമവാതിരഃ ।**

**വിദുഷ്ടേ തസ്യ മേധിരാസ്തേഷാം ശ്രവാംസ്യുത്തിര ॥**

(ഋഗ്വേദം 1.11.7)

**പദാർത്ഥം :-** അല്ലയോ പരമൈശ്വര്യത്തെ പ്രാപിക്കുന്നവനും, ശത്രുക്കളെ ഉന്മൂലനം ചെയ്യുന്നവനുമായ ശൂരവീരനായ മനുഷ്യ! (ത്വമ്) നീ ഉത്തമബുദ്ധി, സേന, ശരീരബലം എന്നിവയാൽ യുക്തനായിക്കൊണ്ട് (മായാഭിഃ) വിശേഷബുദ്ധിയുടെ വ്യവഹാരങ്ങളാൽ (ശുഷ്ണമ്) ആരാണോ ധർമ്മാത്മാക്കളായ സജ്ജനങ്ങളുടെ ചിത്തത്തെ വ്യാകുലമാക്കുന്ന (മായിനം) ദുർബുദ്ധിയും ദുഃഖവും നൽകുന്ന എല്ലാവരുടേയും ശത്രുവായ മനുഷ്യനാവുന്നത് അയാൾ (തേ) നിന്റെ സംസർഗ്ഗത്താൽ സുഖമുള്ളവനുമായിത്തീരട്ടെ. (തേഷാം) ആ ധർമ്മാത്മാക്കളായ പുരുഷന്മാരുടെ സഹായത്താൽ ശത്രുബലത്തെ (ഉത്തിര)നല്ലപ്രകാരത്തിൽ നിവാരണം ചെയ്താലും.

ഭാവാർത്ഥം : ബുദ്ധിമാന്മാരായ മനുഷ്യർക്ക് ഈശ്വരൻ ആജ്ഞ നൽകുന്നു. സാമ-ദാമ-ദണ്ഡ ഭേദങ്ങളുടെ യുക്തിയാൽ ദുഷ്ടന്മാരും ശത്രുക്കളുമായ മനുഷ്യരെ ഉന്മൂലനം ചെയ്ത് വിദ്യയുടേയും ചക്രവർത്തി രാജ്യത്തിന്റെയും യഥാവിധി ഉന്നതി നേടേണ്ടതാവുന്നു. ഈ ലോകത്തിൽ കപടന്മാരും വഞ്ചകന്മാരും ദുഷ്ടപുരുഷന്മാരും വൃദ്ധിയെ പ്രാപിക്കാത്ത വിധത്തിലുള്ള ഉപായം (യുക്തി) നിരന്തരം ചെയ്യേണ്ടതാവുന്നു.

**(മഹർഷി ദയനാന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമ : കെ.എം.രാജൻ)**

(തുടരും)

**അഭീമം മഹിമാ ദിവം വിപപ്രോ ബഭൂവ സപപ്രഥാഃ (യജുർവേദം 38.17)**
**ഉത്തമനായ വിദ്വാൻ അവിദ്യയെ തിരസ്കരിക്കുന്നു.**

# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

## വൈദിക-ദാർശനിക മാസിക

പുസ്തകം : 9	ലക്കം1

സൃഷ്ടി സംവത്സരം 19729491223 കലിവർഷം 5123, വൈദിക സൗരമാസം : നഭസ് – നഭസ്യ
ചാന്ദ്രമാസം : ആഷാഢം – ശ്രാവണം, കൊല്ലവർഷം : 1196 കർക്കടകം – ചിങ്ങം 2021 ജൂലൈ



**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്
പത്രാധിപർ : കെ.എം. രാജൻ
**ഉപദേശക സമിതി**
ആചാര്യ വിശ്വശ്രവഃ
ആചാര്യ വാമദേവ് ആര്യ
വി. ഗോവിന്ദദാസ്
പത്രാധിപ സമിതി : കെ.കെ. ജയൻ, എസ്. ശ്രീധരശർമ്മ, പാർവ്വതി കൃഷ്ണൻ
വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ


**താളുകൾ മറിക്കുമ്പോൾ**


| | |
|---|---|
| വേദാധ്യയനം | 2 |
| മുഖവാണി | 3 |
| ഋഗ്വേദാദിഭാഷ്യഭൂമിക | 5 |
| മനുസ്മൃതി | 6 |
| വേദപുഷ്പങ്ങൾ | 7 |
| ദ്രൗപദിയും പഞ്ചപതികളും | 8 |
| ജീവിതം ഒരലയാഴി | 9 |
| പുത്തൻ ജാതിവ്യവസ്ഥകൾ | 10 |
| അഷ്ടാധ്യായി പ്രവേശിക | 11 |
| ഗോകരുണാനിധി | 12 |
| മാപ്പിള | 13 |
| ഹിന്ദുസംഘടന എന്തുകൊണ്ട്? | 14 |
| ഋഗ്വേദത്തിന്റെ ഋക്സംഖ്യ | 15 |
| ശ്രൗതകർമ്മകാണ്ഡത്തിന്റെ മഹത്വം | 16 |
| മാപ്പിള ലഹള: തിരനോട്ടം 1 | 18 |
| വാർത്തകൾ | 19 |



**വിലാസം**
ദായനന്ദ സന്ദേശം, ആര്യസമാജം
പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ
വെള്ളിനേഴി തപാൽ, പാലക്കാട് - 679 504
Ph : 7907077891, 9446017440
Email :dayanandasandesam@gmail.com
Vist Us : www.aryasmajkerala.org.in
www.vedagurukulam.org


# മുഖവാണി

## ആര്യസമാജം കേരളത്തിൽ (തുടർച്ച)



ആ യോഗത്തിൽ മലബാറിലെ പീഡിതർക്ക് ഉടൻ സഹായമെത്തിക്കുന്നതിനുവേണ്ടി സമർപ്പിച്ച നിവേദനത്തോടൊപ്പം മഹാത്മാ ഹംസരാജ് ഇപ്രകാരം പ്രസ്താവിച്ചതായി പറയുന്നുണ്ട്. "ജാഗൃതിയുടെ ഈ സമയത്തും പലരേയും ബലപൂർവ്വം മുസൽമാൻമാരാക്കി മാറ്റുന്നത് നമുക്ക് നേരെയുള്ള വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ നാം നേരിട്ടേ പറ്റൂ." (സാർവ്വദേശിക് ആര്യപ്രതിനിധി സഭ ഡൽഹി പ്രസിദ്ധീകരിച്ച ഇന്ദ്ര വിദ്യാവാചസ്പതിയുടെ 'ആര്യസമാജ് കാ ഇതിഹാസ്' രണ്ടാം ഭാഗം , പേജ് 130)

1921 ഒക്ടോബർ 31 ന് ചേർന്ന ആ യോഗത്തിൽ പങ്കെടുത്ത ഒരു ആര്യപ്രചാരകനായ 'ഖുശ്ഹാൽചന്ദ് ഖുർസദി'നെ നോക്കികൊണ്ട് അദ്ദേഹം തുടർന്നു. "ആരെല്ലാം ഈ നരമേധത്തെ കണ്ടില്ലെന്നു

അഗ്നിനാഗ്നിഃ സമിധ്യതെ (സാമം 944)

ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു.

നടിച്ചാലും ആര്യന്മാരായ നമുക്ക് നമ്മുടെ കർത്തവ്യ പരിപാലനത്തിൽ നിന്നു വിട്ടു നിൽക്കാനാവില്ല. അതിനാൽ താങ്കൾ ഉടൻതന്നെ ഏതാനും കാര്യകർത്താക്കളേയും കൂട്ടി ഉടൻ മലബാറിലേക്ക് തിരിച്ചാലും. നിരാംലബരും ഇസ്ലാമിലേക്കുള്ള കൂട്ടമതംമാറ്റം ചെയ്യപ്പെട്ടവരുമായവരെ എത്രയും പെട്ടെന്ന് സ്വധർമ്മത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ട വ്യവസ്ഥകൾ ചെയ്താലും. ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ട സാധനസാമഗ്രികളും ഇവിടെ നിന്ന് സംഘടിപ്പിച്ചു തരുന്നതാണ്."

ഇതുകേട്ടയുടൻ ഖുശ്ഹാൽചന്ദ് ഇപ്രകാരം പറഞ്ഞു. "ഞാൻ അങ്ങയുടെ നിർദ്ദേശത്തിനായി കാത്തിരിക്കുകയാണ്. ഇപ്പോൾ തന്നെ മലബാറിലേക്ക് യാത്ര തിരിക്കാൻ തയ്യാറാണ്." ഖുശ്ഹാൽചന്ദിന്റെ പക്കൽ യാത്രക്കുവേണ്ട സാധനങ്ങളും ബാഗും എപ്പോഴും ഉണ്ടായിരുന്നു. ധർമ്മ പ്രചാരണത്തിന് ഏതു സമയത്തും പോകാൻ അദ്ദേഹം സദാ തയ്യാറായി നിൽക്കുമായിരുന്നു.

രണ്ടായിരത്തിലധികം കിലോമീറ്റർ ദൂരത്തുള്ള മലബാറിലേക്ക് പുറപ്പെടാൻ തയ്യാറായ സമയത്ത് ഖുഷ്ഹാൽചന്ദിന്റെ കുടുംബാന്തരീക്ഷം എപ്രകാരമായിരുന്നുവെന്ന് നോക്കുന്നത് ഏറെ ശ്രദ്ധേയമായിരിക്കും. നിരന്തരമുള്ള ധർമ്മപ്രചാരണ യാത്രകൾമൂലം അദ്ദേഹത്തിന്റെ ആരോഗ്യ സ്ഥിതി മോശമായിരുന്നു. അദ്ദേഹത്തിന്റെ അഞ്ചാമത്തെ പുത്രനായ 'യുദ്ധവീർ' ജനിച്ചത് ഇതിനടുത്തുള്ള ദിവസമായിരുന്നു. 'യശ്' എന്നുപേരായ മറ്റൊരു പുത്രൻ ന്യുമോണിയ ബാധിച്ചു കിടപ്പിലായിരുന്നു. അദ്ദേഹത്തിന്റെ പത്നി കണ്ണീരൊഴുക്കികൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ധർമ്മ ജാഗരണവും മാനവസേവയും ജീവിതദൗത്യമായി ഏറ്റെടുത്ത അദ്ദേഹത്തെ അതൊന്നും പിൻതിരിപ്പിക്കാനാവില്ലായിരുന്നു.

മലബാറിലേക്ക് ആദ്യമായാണ് അദ്ദേഹം പോകുന്നത്. അവിടെ ഹിന്ദുവായിരിക്കുന്നതുതന്നെ ജീവനെ അപകടപ്പെടുത്തുന്നതാണ്. കേരളത്തിലെ ഭാഷ, ഭക്ഷണം, വസ്ത്രവിധാനം ഇവയൊക്കെ അദ്ദേഹത്തിന് അജ്ഞാതമായിരുന്നു. യാത്രാസംവിധാനങ്ങൾ വളരെ ദുർഘടമായിരുന്ന കാലത്തായിരുന്നു ഈ സംഭവമെന്നും ഓർക്കുക. മഹാത്മാ ആനന്ദസ്വാമി എന്ന പേരിൽ അദ്ദേഹം പിന്നീട് പ്രസിദ്ധ സന്ന്യാസിയായിത്തീർന്നു. ഇദ്ദേഹത്തിന്റെ ജീവചരിത്രം പിന്നീട് വിവരിക്കുന്നതാണ്.

(തുടരും)

പത്രാധിപർ

ഓം നമഃ ശംഭവായ ച മയോഭവായ ച (യജു. 16.41)

മംഗളത്തിന്റെയും സുഖത്തിന്റെയും ഉറവിടമായ ഭഗവാനെ! അങ്ങയെ നമസ്കരിക്കുന്നു.



(മുൻലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യഭൂമിക

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

## 4. വേദവിഷയവിചാരഃ

കുതഃ? യസ്യ യാദൃശം കാരണമസ്തി, തസ്യ താദൃശമേവ കാര്യം ഭവതീതി ദർശനാത്। [(കാരണഗുണപൂർവ്വകഃ കാര്യഗുണോ ദൃഷ്ടഃ॥ (വൈശേഷിക ദർശനം - 2.1.24)] അയം ഖല്വീശ്വരസൃഷ്ടേർദോഷോ നാസ്തി। കുതഃ? ദുർഗന്ധാദി വികാരസ്യ മനുഷ്യസൃഷ്ട്യന്തർഭാവാത്। യതോ ദുർഗന്ധാദിവികാരസ്യോത്പത്തിർ മനുഷ്യാദിഭ്യ ഏവ ഭവതി തസ്മാദസ്യ നിവാരണമപി മനുഷ്യൈരേവ കരണീയമിതി। യഥേശ്വരേണാജ്ഞാ ദത്താ 'സത്യഭാഷണമേവ കർത്തവ്യം നാനൃതമ് ഇതി', ['അഗ്നേ വ്രതപതേ വ്രതം ചരിഷ്യാമി തച്ഛകേയം തന്മേ രാധ്യതാമ്। ഇദമഹമനൃതാത് സത്യമുപൈമി॥' (യജു.1.5)] യസ്താമുല്ലങ്ഘ്യ പ്രവർത്തതേ സ പാപീയാൻഭൂത്വാ ക്ലേശം ചേശ്വരവ്യവസ്ഥയാ പ്രാപ്നോതി, തഥാ 'യജ്ഞഃ കർത്തവ്യഃ' ഇതീയമപ്യാജ്ഞാ തേനൈവ ദത്താസ്തി [(യജ്ഞേന യജ്ഞമയജയന്ത ദേവാസ്താനി ധർമ്മാണി പ്രഥമാന്യാസൻ॥ (യജു.31.16)] താമപി യഃ ഉല്ലങ്ഘയതി സോഽപി പാപീയാൻ സൻ ക്ലേശവാംശ്ച ഭവതി। (അയം പാഠഃ വൈ.യ. മുദ്രിതേഽഗ്രേ പഠ്യതേ, സ ചാനേനൈവ സന്ദർഭേണ സംബദ്ധ ഇതി കൃത്വേഹാനീതഃ॥) കുതഃ? സർവ്വോപകാരാകരണാത് । യത്ര ഖലു യാവൻമനുഷ്യാദി പ്രാണിസമുദായോ ഭവതി, തത്ര താവാനേവ ദുർഗന്ധസമുദായോ ജായതേ। ന ചൈവായമീശ്വര സൃഷ്ടിനിമിത്തോ ഭവിതുമഹർഹതി। കുതഃ? തസ്യ മനുഷ്യാദിപ്രാണി സമുദായനിമിത്തോത്പന്നത്വാത്। യത്തു ഖലു മനുഷ്യാഃ സ്വസുഖാർത്ഥം ഹസ്ത്യാദിപ്രാണിനാമേകത്ര ബാഹുല്യം കുർവ്വന്തി, അതസ്തജ്ജന്യോഽപ്യധികോ ദുർഗന്ധോ മനുഷ്യസുഖേച്ഛാനിമിത്ത ഏവ ജായതേ। ഏവം വായു വൃഷ്ടിജലദൂഷകഃ സർവ്വോ ദുർഗന്ധോ മനുഷ്യനിമിത്താദേവോത്പദ്യതേഽതസ്തസ്യ നിവാരണമപി മനുഷ്യാ ഏവ കർത്തുമർഹന്തി॥

(തുടരും)

വിപ്രാ അമൃതാ ഋതജ്ഞാഃ (യജുർവേദം 9.18)
വിപ്രൻ സത്യവ്രതനും അമരനുമാകുന്നു

(മുൻലക്കത്തിന്റെ തുടർച്ച)



# മനുസ്മൃതി

ഡോ. സുരേന്ദ്രകുമാർ
തർജ്ജമ : കെ.എം. രാജൻ

**അധ്യായം : 1** **മനുസ്മൃതിയുടെ മഹത്വം, രചയിതാവ്, കാലവും ആദ്യരൂപവും (തുടർച്ച)**

5. "കമ്പോഡിയക്കാർ മനുസ്മൃതിയെക്കുറിച്ച് നല്ലവണ്ണം പരിചയമുള്ളവരായിരുന്നു. രാജാ ഉദയവീർവർമ്മയുടെ 'സദോക് കാകഥേമ്'ൽ നിന്ന് ലഭിച്ച രേഖകളിൽ 'മാനവ നീതിസാരത്തെക്കുറിച്ച് പറയുന്നുണ്ട്. അത് മാനവ സമ്പ്രദായത്തിന്റെ നീതിവിഷയകമായ ഗ്രന്ഥമായിരുന്നു. യശോദവർമ്മന്റെ 'പ്രസത കോമൻ' നിൽ നിന്ന് ലഭിച്ച രേഖയിൽ മനുസ്മൃതിയുടെ ഒരു ശ്ലോകവും കാണുന്നുണ്ട്. അത് ഇപ്പോൾ ലഭ്യമായ മനുസ്മൃതിയുടെ രണ്ടാമധ്യായത്തിലെ 1360 മത്തെ ശ്ലോകമാണ്." ഇവയിൽ ആദര - സമ്മാന വ്യവസ്ഥകളെക്കുറിച്ച് വിവരിക്കുന്നുണ്ട്. (പേജ് 198)

6. "ക്രിസ്തുവർഷം 668ൽ ജയവർമ്മൻ കമ്പൂജ (കമ്പോഡിയ)ത്തിന്റെ അഞ്ചാമത്തെ രാജാവായി. വർണ്ണാശ്രമങ്ങൾക്ക് ശക്തമായ അടിത്തറ നൽകി അദ്ദേഹം ഭഗവാനെ പ്രസന്നനാക്കി." (പേജ് 149)

7. "ധർമ്മശാസ്ത്രത്തിന്റേയും അർത്ഥശാസ്ത്രത്തിന്റേയും പണ്ഡിതരായിരുന്ന രണ്ടു മന്ത്രിമാരെക്കുറിച്ച് രാജാ ജയവർമ്മന്റെ രേഖകളിൽ കാണുന്നുണ്ട്. 'മനുസംഹിത' പോലുള്ള ഗ്രന്ഥങ്ങളെയെല്ലാം ധർമ്മശാസ്ത്രമെന്നാണ് അറിയപ്പെട്ടിരുന്നത്. കമ്പൂജദേശത്തിലെ (കമ്പോഡിയ) ധർമ്മശാസ്ത്രങ്ങളിൽ മനുസ്മൃതിക്ക് വിശിഷ്ടമായ സ്ഥാനമുണ്ടായിരുന്നു." (പേജ് 198)

8. ബാലിദ്വീപ് (ഇന്തോനേഷ്യ) സമാജത്തിൽ ഇന്നും വർണ്ണവ്യവസ്ഥ പ്രചലിതമാണ്. അവിടെ ഇപ്പോഴും വൈദിക വർണവ്യവസ്ഥയുടെ പ്രഭാവം മൂലം ഉന്നതജാതിക്കാരെ ദ്വിജാതി എന്നും ശൂദ്രന്റെ പേര് ഏകജാതി എന്നും അറിയപ്പെടുന്നു.

(തുടരും)

**ഈശാവാസ്യമിദം സർവ്വം (യജു. 40.1)**
**ഈ ജഗത്ത് മുഴുവൻ ഈശ്വരമയമാണ്.**

(മുൻലക്കത്തിന്റെ തുടർച്ച)



# വേദ പുഷ്പങ്ങൾ

കെ.എം. രാജൻ

## ദേവീസൂക്തം

ഋഗ്വേദം പത്താം മണ്ഡലത്തിലെ 125-ാം സൂക്തത്തിലെ ആദ്യത്തെ എട്ടുമന്ത്രങ്ങളാണ് ദേവീസൂക്തമെന്നു പറയുന്നത്. വാംഗാംഭൃണി സൂക്തമെന്നും ഇതിനെ വിശേഷിപ്പിക്കാറുണ്ട്. ഈ സൂക്തത്തിൽ പരമേശ്വരീയ ജ്ഞാനശക്തി വസുക്കളേയും രുദ്രന്മാരേയും, (പ്രാണൻ, അപാനനൻ തുടങ്ങിയ ഏകാദശ രുദ്രന്മാരെ) സൂര്യ- ചന്ദ്രന്മാരെയും ധാരണം ചെയ്യുന്നതായി പറയുന്നുണ്ട്. പരമേശ്വരീയ ജ്ഞാനശക്തി സർവ്വത്ര വ്യാപതവും മനുഷ്യരെ ബ്രഹ്മാവ് (ചതുർവേദജ്ഞാനി), ഋഷി എന്നീ ഉപാധികളെ പ്രാപിക്കുന്നതിന് സഹായിക്കുന്നു. ഇത് എല്ലാ ഉത്തമോത്തമ കാമനകളേയും പൂർണ്ണമാക്കുന്നതാണ്. ഈ സൂക്തത്തിന്റെ ശ്രദ്ധയോടുകൂടിയ പാരായണത്തിലൂടേയും അതിനനുരൂപമായ ആചരണത്തിലൂടെയും ഉത്തമഫലങ്ങൾ ലഭിക്കുന്നു.

ആര്യജഗത്തിലെ ഉന്നതപണ്ഡിതനായിരുന്ന ബ്രഹ്മമുനി പരിവ്രാജക് ഹിന്ദിയിൽ എഴുതിയ ഋഗ്വേദഭാഷ്യത്തിൽ നിന്നുള്ള ഭാഗങ്ങളുടെ മലയാള തർജ്ജമയാണിവിടെ കൊടുക്കുന്നത്.

വാഗാംഭൃണീ ഋഷിഃ വാഗാംഭൃണീ ദേവതാ ।
വിരാഡ് ത്രിഷ്ടുപ് ഛന്ദഃ ധൈവതഃ സ്വരഃ ॥

**അഹം രുദ്രേഭിർവസുഭിശ്ചരാമ്യഹമാദിത്യൈരുത വിശ്വദേവൈഃ**
**അഹം മിത്രാവരുണോഭാ ബിഭർമ്യഹമിന്ദ്രാഗ്നീ അഹമശ്വിനോ ഭാ ॥**

(ഋഗ്വേദം 10.125.1)

**അന്വയാർത്ഥം :** (അഹമ്) പരമേശ്വരന്റെ വാക്ശക്തിയാവുന്ന ഞാൻ (വസുഭിഃ) പൃഥിവി മുതലായ അഷ്ടവസുക്കളോടൊപ്പവും (ഉത) അതുപോലെ (വിശ്വദേവൈഃ) ഋതുക്കളോടൊപ്പവും (ചരാമി) പ്രാപിക്കപ്പെടുന്നു. (അഹമ്) ഞാൻ (ഉഭാ-മിത്രാവരുണാ) രണ്ടാവുന്ന ദിനരാത്രങ്ങളേയും (ഇന്ദ്രാഗ്നി), അഗ്നി, വിദ്യുത് എന്നിവയേയും (ഉപഭാ- അശ്വിനാ) രണ്ടാവുന്ന ദ്യുലോകം പൃഥിവിലോകം എന്നിവയേയും (ബിഭർമി) ധാരണം ചെയ്യുന്നു.

**ഭാവാർത്ഥം:** പരമേശ്വരന്റെ പ്രതിനിധിയായ ഞാൻ (പാരമേശ്വരീയമായ ജ്ഞാനശക്തി) പൃഥിവി തുടങ്ങിയ അഷ്ടവസുക്കളേയും, പ്രാണരൂപങ്ങളായ പതിനൊന്നു രുദ്രന്മാരേയും, പന്ത്രണ്ട് മാസങ്ങളേയും, അഗ്നി, വിദ്യുത്, ദിനരാത്രങ്ങൾ ദ്യുലോകം, പൃഥിവി ലോകം എന്നിവയേയും ധാരണം ചെയ്യുന്നു.

(തുടരും)

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ.*

(മുൻ ലക്കത്തിന്റെ തുടർച്ച)



# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ : കെ. എം. രാജൻ

വ്യാസനും ഈ കർമ്മത്തെ ലോകവിരുദ്ധവും വേദവിരുദ്ധവുമായി പറയുന്നു. ദ്രുപദൻ തുടങ്ങിയവരും ഇതിനെ ലോകവിരുദ്ധവും വേദ-സദാചാരവിരുദ്ധവുമായ അധർമ്മമായും അകർത്തവ്യവുമായി പറയുന്നു. അപ്പോൾ യുധിഷ്ഠിരന്റെ ഈ ലോകവിരുദ്ധമായ വിചാരത്തെ പുഷ്ടിപ്പെടുത്തുന്നത് എന്തുകൊണ്ടാണ്? യുധിഷ്ഠിരൻ തന്റെ പൗത്രനായതിനാലും പിന്നീട് ചക്രവർത്തിയായിത്തീരാനും സാധ്യതയുള്ളതിനാൻ അദ്ദേഹത്തിന്റെ അനുചിതമായ കാര്യം കള്ളക്കഥകളാൽ ഉചിതമാണെന്നുവരുത്തുകയാണോ ചെയ്യുന്നത്!

ബുദ്ധിമാൻമാരായ ആരും വ്യാസൻ ഇത്തരത്തിൽ പ്രവർത്തിക്കുമെന്നു കരുതാനിടയില്ല.

യുധിഷ്ഠിരൻ പറഞ്ഞ രണ്ടുകഥകളും പുരാതന ഇതിഹാസങ്ങളുടെ പേരിൽ ഉണ്ടാക്കിയതാണ്. അവ നോക്കിയാലും. അവയുടെ സത്യാസത്യ വിഷയത്തെക്കുറിച്ച് ഒന്നു ചിന്തിച്ചു നോക്കാം. യുധിഷ്ഠിര ഉവാച-

**ശ്രൂയതേ ഹി പുരാണേഽപി ജടിലാ നാമ ഗൗതമീ ।**

**ഋഷീനധ്യാസിതവതീ, സപ്തധർമഭൃതാം വരാ ॥**

(മഹാഭാരതം ആദിപർവ്വം അധ്യായം 195 ശ്ലോകം 14)

യുധിഷ്ഠിരൻ പറയുന്നു.

**ഭാവാർത്ഥം :** ഗൗതമ ഗോത്രത്തിലെ ജടില എന്നു പേരായ കന്യകയും ഏഴു ഋഷിമാരുടെ പത്നിയായിത്തീർന്നു എന്ന കഥ പുരാണങ്ങളിൽ പറഞ്ഞു കേൾക്കുന്നുണ്ട്. പുരാണങ്ങൾ ഉണ്ടാക്കി എന്നു കരുതപ്പെടുന്ന വ്യാസന് ജടിലയുടെ ഈ ജടിലമായ (കെട്ടുപിണഞ്ഞ) വിവാഹവാർത്ത അറിയാതിരിക്കുകയും യുധിഷ്ഠിരൻ അറിയുന്നതും എങ്ങനെയാണ്?

അല്ലയോ സഹോദരന്മാരെ! സർവ്വപുരാണങ്ങളും വ്യാസനുപകരം യുധിഷഠിരനാൽ ഉണ്ടാക്കപ്പെട്ടതാണ് എന്നു പറയുന്നതാവും കൂടുതൽ ഉചിതം. എന്തെന്നാൽ വ്യാസനേക്കാൾ കൂടുതൽ യുധിഷ്ഠിരന് പുരാണവിഷയത്തിൽ അറിവുകാണുന്നല്ലോ? രണ്ടാമത്തെ കെട്ടിച്ചമച്ച കഥയും നോക്കാം.

തഥൈവ മുനിജാ വാർക്ഷീ, തപോഭിർഭാവിതാത്മനഃ ।

സംഗതാഭൂദ് ദശഭ്രാതൄൻ ഏകനാമ്നഃ പ്രചേതസഃ ॥

(മഹാഭാരതം ആദിപർവ്വം അധ്യായം 195, ശ്ലോകം 15)

**ഭാവാർത്ഥം :** ഇപ്രകാരം കണ്ഡുമുനിയുടെ പുത്രിയായ മാരിഷ തന്റെ തപോബലത്താൽ പവിത്രമായ അന്തഃകരണങ്ങളാൽ യുക്തരും സഹോദരന്മാരുമായ പത്തു പ്രചേതസ്സുകളെ ഒരേ സമയം വിവാഹം ചെയ്തു (തുടരും)

**യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)**

**ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ**



(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

പത്മനാഭൻ നായർ വിവരിച്ചു കൊണ്ടിരിക്കെ "അപ്പോ, നിങ്ങളുടെ അടുത്ത് എങ്ങനെയെത്തി? മുമ്പ് അറിയുമോ?" കഥ ഉപസംഹരിക്കും മുമ്പ് പാണ്ടൻ തോക്കിനുള്ളിൽ കയറി.

"ഇല്ല്യ, നിങ്ങളെപ്പോലെ പൂർവ്വപരിചയമില്ല. കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകൻ രാമകൃഷ്ണനെ അറിയില്ലേ? അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരമാണ് എന്റെയടുത്തെത്തിയത്. അപ്പോൾ പൂർവപരിചിതരായ നിങ്ങളേയും തോട്ടപ്പായയേയും മറ്റും ഒന്നു കണ്ടുപോകാമെന്നു കരുതി തങ്ങിയതാണ്." പത്മനാഭൻ നായർ പാച്ചന്റെ വരവിന്റെ പെൻസിൽ സ്കെച്ച് വരച്ചു വെളിപ്പെടുത്തി.

"നന്നായി, സന്തോഷമായി. അനവധി കൊല്ലങ്ങളായി കണ്ടിട്ട്. തൃശ്ശൂരിൽ താമസിച്ച് പഠിക്കുന്നതു കണ്ടതാണ്. പിന്നെ കണ്ടിട്ടില്ല. തനിക്കിന്ന് എന്റെ വകയാണ് ആതിഥ്യം. അവിടെ അടുത്താണ് തോട്ടപ്പായയും കോതാങ്ങലവും മറ്റും. അവരേയും കണ്ട് നാളെ പോകാം. ന്നാ പോരെ പത്മനാഭേട്ടാ..." പിണ്ടൻ പത്മനാഭേട്ടന്റെ അഭിപ്രായമറിയാൻ അദ്ദേഹത്തിന്റെ മുഖത്തേക്കു നോക്കി.

"അത് പറ്റില്ല. ഉച്ചക്ക് വീട്ടിലെത്തിക്കൊള്ളാമെന്നേറ്റിട്ടാണ് ഞങ്ങൾ പോന്നിരിക്കുന്നത്. അതുകൊണ്ട് വൈകുന്നേരം ഞാനിദ്ദേഹത്തേയും കൂട്ടി വരാം. എന്നാൽ പോരെ?" പത്മനാഭൻ നായർ തടസ്സമുന്നയിച്ചു.

"ശരി, ഇടതിടഞ്ഞാൽ വലത് നിഷ്ക്രിയനാകും. അതുവേണ്ട, വൈകുന്നേരം ഞാൻ നിങ്ങളെ കാത്തിരിക്കും.....പിന്നെ നിങ്ങളിപ്പോൾ പോണതെവിടേക്കാണ്?" പിണ്ടൻ സമവായത്തിനു തലതാഴ്ത്തി.

"ഞങ്ങൾ അതിപുരാതനവും ലോഹമിശ്രണശാസ്ത്രവൈദഗ്ധ്യത്തിന്റെ മകുടോദാഹരണവും തുരുമ്പിനെ ഏഴയലത്തും അടുക്കാൻ അനുവദിക്കാത്തതും സ്ഫുടരജതത്തിനൊത്തു തിളങ്ങുന്നതുമായ ലോകാത്ഭുത സ്തംഭവും, ഷാജഹാൻ നിർമ്മിത പ്രശസ്ത ചെങ്കോട്ടയും കണ്ട് തൽക്കാലം വീട്ടിലേക്ക് മടങ്ങും." പത്ഭനാഭൻ നായർ പ്രോഗ്രാം വിശദീകരിച്ചു.

(തുടരും)

യാന്തി പ്രമാദമതന്ദ്രാഃ (സാമം 721)

ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു



# ഭാരതീയ സമൂഹത്തിലെ പുത്തൻ ജാതി വ്യവസ്ഥകൾ

ഹരികൃഷ്ണൻ

ഭാരതത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കും വെല്ലുവിളിയാവുന്ന ഒരു പ്രധാനഘടകമാണ്, ഹിന്ദുസമൂഹത്തിൽ ജാതി എന്ന പേരിലും മറ്റു മതസ്ഥരിൽ ഓരോ വിഭാഗങ്ങളായും നിലനിൽക്കുന്ന ജാതി വ്യവസ്ഥ. മറ്റു മതസ്ഥർ അതിനെ ജാതിയായി അംഗീകരിച്ചു തരില്ലെങ്കിലും ഈ വിഭാഗീയത ഏറെക്കുറെ ജാതിവ്യവസ്ഥയുടെ പ്രത്യേകതകൾ കാണിക്കുന്നു.

തൊട്ടുകൂടായ്മയയും 'പുലപ്പേടി', 'മണ്ണാപേടി' തുടങ്ങിയ നിഷിദ്ധ ആചാരങ്ങളുമായിരുന്നു പണ്ടത്തെ ജാതിവ്യവസ്ഥയുടെ മുഖമുദ്ര എങ്കിൽ ഇന്ന് അത് സാംസ്കാരികമായ അകലം പാലിക്കുക, പരസ്പരം പഴിചാരുക, സാമൂഹികധ്രുവീകരണത്തിനു ശ്രമിക്കുക, തുടങ്ങിയ കൂട്ടായപ്രവർത്തികളും ദുരഭിമാനക്കൊല തുടങ്ങിയ വ്യക്തിപരമായ പ്രവർത്തികളുമാണ്.

## ജാതിവ്യവസ്ഥയുടെ ഉദ്ഭവം ഒരെത്തിനോട്ടം

വേദങ്ങളിൽ പറയുന്ന വർണസമ്പ്രദായം പിന്നീട് വേദപഠനങ്ങൾക്ക് കോട്ടം സംഭവിച്ചപ്പോൾ മൂല്യച്യുതി സംഭവിച്ച് ജാതിവ്യവസ്ഥ ആയതായി കണക്കാക്കാം. വേദങ്ങളിലെ വർണവ്യവസ്ഥ പൈതൃകമല്ലാ എന്നാൽ ജാതിവ്യവസ്ഥ പൈതൃകമാണ്, ഈ ഒരു വ്യത്യാസം മാത്രംമതി വർണ്ണവ്യവസ്ഥയല്ല ജാതിവ്യവസ്ഥ എന്നു മനസ്സിലാക്കാൻ.

ഗുപ്തന്റെ കാലഘട്ടത്തിലാണ് ജാതിവ്യവസ്ഥ ഇന്നത്തെ നിലയിൽ പരിണമിച്ചത് എന്ന് ചരിത്രം പറയുന്നു. ജോലിക്കനുസരിച്ച് ഓരോരുത്തരും ഓരോ ജാതിയായി സ്വയം മാറുകയായിയുന്നു. അന്നത്തെ കാലത്ത് തൊഴിൽ നൈപുണ്യ പഠനകേന്ദ്രങ്ങൾ ഇന്നത്തെപ്പോലെ ഇല്ലാത്തതിനാൽ കൊല്ലന്റെ മകന് ഇരുമ്പുപണിയും തട്ടാന്റെ മകന് സ്വർണ്ണപ്പണിയും രാജാവിന്റെ മകൻ രാജാവും ആയി തുടർന്നു. ഇത് ജാതിവ്യവസ്ഥക്ക് ആക്കം കൂട്ടി.

ദക്ഷിണേന്ത്യയിലും ജാതിവ്യവസ്ഥ നിലനിന്നതായി സംഘകാലകൃതികളിൽ നിന്നും മനസ്സിലാക്കാം (എന്നാൽ തൊട്ടുകൂടായ്മ ഉണ്ടായിരുന്നില്ല എന്ന് ചില ചരിത്രകാരന്മാർ അവകാശപ്പെടുന്നു)

ഇക്കാലത്തെ ഏറ്റവും രസകരമായ വസ്തുത ഇന്ന് നാം മോശമായി കരുതുന്ന അഭിസാരികമാർക്ക് അന്ന് സമൂഹത്തിൽ മേൽക്കൈ ഉണ്ടായിരുന്നു എന്നതാണ്. എന്നാൽ മാലിന്യങ്ങളെ സംസ്കരിക്കുന്ന ചണ്ഡാളരേയും മറ്റും ഏറ്റവും താഴ്ന്നവർഗമായാണ് കണ്ടിരുന്നത്.

(ശേഷം പേജ് 17ൽ)

ബൃഹദ് വദേമ വിവഥേ സുവീരാഃ (യജുർവേദം 34.58)

ഞങ്ങൾ ശാസ്ത്രാർത്ഥങ്ങളെ നന്നായി വദിക്കും



# അഷ്ടാദ്ധ്യായി പ്രവേശിക


ആചാര്യ ബൽദേവ് നൈഷ്ഠിക്
തർജ്ജമ : ബ്രഹ്മചാരി വിഷ്ണു ആര്യ

സൂത്രം51 : അലോഽന്ത്യസ്യ ।
അനു- ഷഷ്ഠീ, സ്ഥാനേ ।
സൂ. 52 : ങിച്ച ।
അനു- അലഃ, അന്ത്യസ്യ, ഷഷ്ഠീ, സ്ഥാനേ ।
സൂ.53 ആദേഃ പരസ്യ ।
അനു- അലഃ, ഷഷ്ഠീ, സ്ഥാനേ।
സൂ. 54 : അനേകാൽശിത്സർവ്വസ്യ ।
അനു- ഷഷ്ഠീ, സ്ഥാനേ ।
സൂ. 55 : സ്ഥാനിവദാദേശോഽനൽവിധൗ ।
അനു- ഇല്ല
സൂ.56 : അചഃ പരസ്മിൻ പൂർവ്വവിധൗ ।
അനു - സ്ഥാനിവദാദേശഃ ।
സൂ.57 ന പദാന്തദ്വിർവചനവരേയലോപസ്വരവർണാനുസ്വാര
ദീർഘജശ്ചർവിധിഷു।
അനു- അചഃ പരസ്മിൻ, സ്ഥാനിവദോദേശഃ ।
സൂ.58 ദ്വിർവചനേഽചി ।
അനു- അചഃ,സ്ഥാനിവദാദേശഃ ।
സൂ.59 അദർശനം ലോപഃ ।
അനു- ഇതി ।
സൂ.60 പ്രത്യയസ്യ ലുക്ശ്ലുലുപഃ ।
അനു- അദർശനമ്, ഇതി ।
സൂ.61. പ്രത്യയലോപേ പ്രത്യയലക്ഷണമ് ।
അനു- ഇല്ല.

(തുടരും)

*ബ്രഹ്മൻ ത്വം ബ്രഹ്മസി (യജുർവേദം 10.28)*
*ഹേ ബ്രഹ്മൻ! നീ അറിവുള്ളവനാകുന്നു*

(മുൻലക്കത്തിന്റെ തുടർച്ച)



# ഗോകരുണാനിധി

മഹർഷി ദയാനന്ദസരസ്വതി

തർജ്ജമ : കെ. എം. രാജൻ

ഭൈരവൻ തുടങ്ങിയവരുടെ നിമിത്തമായി മാംസം കഴിക്കുക, കൊല്ലുക, കൊല്ലിക്കുക തുടങ്ങിയവ മഹാപാപമാണ്. അതിനാലാണ് ദയാലുവായ പരമേശ്വരൻ മാംസ ഭക്ഷണത്തിനൊ മൃഗങ്ങളെ കൊല്ലുന്നതിനൊ വിധിച്ചിട്ടില്ലാത്തത്.

മദ്യവും മാംസഭക്ഷണത്തിനു കാരണമാകയാൽ അതിനേക്കുറിച്ചും സംക്ഷിപ്തമായി സ്വൽപ്പം എഴുതാം.

**പ്രമത്തൻ :** "മാംസം വേണ്ടെങ്കിൽ ഒഴിവാക്കാം എന്നാൽ മദ്യപിക്കുന്നതിൽ ദോഷമൊന്നുമില്ലല്ലോ?"

**ശാന്തൻ :** "മാംസഭക്ഷണം പോലെ തന്നെ മദ്യപാനവും ദോഷമാണ്. മനുഷ്യർ മദ്യത്തിന്റെ ലഹരിയിൽ ബുദ്ധി നഷ്ടപ്പെട്ട് അകർത്തവ്യം ചെയ്യുകയും ഉപേക്ഷിക്കുകയും ചെയ്യും. ന്യായത്തിന് പകരം അന്യായവും അന്യായമായത് ന്യായമായും പ്രവർത്തിക്കും. മദ്യമുണ്ടാക്കുന്നത് വികൃതമായ വസ്തുക്കളിൽ നിന്നാണ്. മദ്യപാനി മാംസാഹാരിയായി ത്തീരും. മദ്യപാനിയുടെ ആത്മാവിൽ വികാരങ്ങൾ ഉൽപ്പന്നമാവും. അങ്ങനെ അയാൾ വിദ്യാദിഗുണങ്ങൾ വെടിഞ്ഞ്, ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയുടെ ഫലങ്ങളെ നേടാതെ മൃഗതുല്ല്യനായി ആഹാരം, നിദ്ര, ഭയം, മൈഥുനം തുടങ്ങിയ പ്രവൃത്തികളിൽ വ്യാപൃതനാവും. അങ്ങനെ മനുഷ്യജന്മത്തെ വ്യർത്ഥമാക്കിക്കളയുന്നു. അതിനാൽ ലഹരി പദാർത്ഥങ്ങളും അവയുണ്ടാക്കുന്ന ദ്രവ്യങ്ങളുടെ സേവനവും ഒരിക്കലും ചെയ്യരുത്."

"മദ്യംപോലെ തന്നെ ഭാംഗ് തുടങ്ങിയ പദാർത്ഥങ്ങളും മാദകങ്ങളായതിനാൽ ഒരിക്കലും കഴിക്കരുത്. എന്തെന്നാൽ ഇവ ബുദ്ധിയെ നശിപ്പിച്ച് പ്രമാദം, ആലസ്യം, ഹിംസ എന്നിവയിലേക്ക് മനുഷ്യരെ കൊണ്ടുചെന്നെത്തിക്കും. അതിനാൽ മദ്യപാനം പോലെ ഇവയും എപ്പോഴും വർജ്ജിക്കേണ്ടതാകുന്നു."

(തുടരും)

തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)

ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !



(മുൻ ലക്കത്തിന്റെ തുടർച്ച)

# മാപ്പിള

വീർവിനായക് ദാമോദർ സവർക്കർ
തർജ്ജമ: കെ.എം. രാജൻ

## അദ്ധ്യായം 2

ബ്രാഹ്മണരുടെ ഗൃഹങ്ങളിലെ പ്രാതഃകാലീന വേദാലാപനം പൂർത്തിയായി. ഹരിഹരശാസ്ത്രിയുടെ വീട്ടിലെ 15വർഷം പ്രായമുള്ള പെൺകുട്ടിയും 18വയസ്സ് പ്രായം തോന്നിക്കുന്ന ആൺകുട്ടിയും തെങ്ങിൻതോട്ടത്തിലെ വിവിധ വർണ്ണങ്ങളിലുള്ള പൂക്കൾ പറിക്കാനായി പുറത്തിറങ്ങി. പൂക്കൾ പറിക്കുന്നതോടൊപ്പം രണ്ടുപേരും സംസ്കൃതത്തിലെ അക്ഷരശ്ലോകം ചൊല്ലിക്കൊണ്ടിരിക്കുന്നു. ഒരാൾ ചൊല്ലിയ ശ്ലോകത്തിന്റെ അവസാനത്തെ അക്ഷരം കൊണ്ട് മറ്റേകുട്ടി ശ്ലോകം ചൊല്ലുന്നു. ഇടക്കിടെ അവർ മധുരമായി പൊട്ടിച്ചിരിക്കുന്നുമുണ്ടായിരുന്നു. ഹരിഹര ശാസ്ത്രി നമ്പൂതിരി ബ്രാഹ്മണനാണ്. ഒരിക്കൽ അദ്ദേഹം മദ്രാസിൽ പോയപ്പോഴാണ് തീവണ്ടി, ടെലഗ്രാം തുടങ്ങിയ പദാർത്ഥങ്ങളും ഈ ലോകത്തുണ്ട് എന്ന് മനസ്സിലായത്.

മാത്രമല്ല, തങ്ങളുടെ പൂർണ്ണജീവിതം തെങ്ങും കവുങ്ങും നിറഞ്ഞ വനാന്തരങ്ങളുടെ ഉള്ളിൽ കഴിയുന്ന അവർക്ക് ഇത്തരം കാര്യങ്ങളെക്കുറിച്ച് യാതൊരു അറിവുമുണ്ടായിരുന്നില്ല. യജ്ഞശാലക്കുപുറമെ അഗ്നിക്ക് മറ്റൊരു രൂപമുണ്ടെന്നുപോലും അവർക്കറിയുമായിരുന്നില്ല.

തീവണ്ടിയെക്കുറിച്ചും ടെലഗ്രാഫിനെക്കുറിച്ചും ഹരിഹര ശാസ്ത്രി ഈ ബ്രാഹ്മണരോട് പറഞ്ഞപ്പോൾ അവർക്കത് വിശ്വാസമായില്ല അപ്പോൾ അത് സ്ഥാപിക്കുന്നതിനായി തീവണ്ടിയെക്കുറിച്ചും ടെലഗ്രാഫിനെക്കുറിച്ചുമുള്ള സൂചനകൾ വേദങ്ങളിൽ നിന്ന് അദ്ദേഹം കണ്ടെത്തുമായിരുന്നു.

ഹരിഹര ശാസ്ത്രി ഒരു വലിയ പണ്ഡിതനായിരുന്നു. മദ്രാസ് വരെ അദ്ദേഹം നടത്തിയ യാത്ര അദ്ദേഹത്തിന്റെ പണ്ഡിത്യത്തെ വർദ്ധിപ്പിച്ചു. നിലവിലുള്ള സാമൂഹ്യ- രാഷ്ട്രീയ സ്ഥിതിഗതികൾ അറിയാനും സമാജത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന അനാചാരങ്ങൾ ഇല്ലാതാക്കുന്നതിനെക്കുറിച്ചും അദ്ദേഹം ചിന്തിക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഗൃഹത്തിൽ ജോലി ചെയ്യുന്ന പണിക്കാർക്കും അൽപ്പസ്വൽപ്പം സംസ്കൃതാഭ്യാസമുണ്ടായിരുന്നു.

ഹരിഹരശാസ്ത്രീ തന്റെ ഇല്ലത്തിന്റെ മുറ്റത്തു നിന്ന് തോട്ടത്തിൽ നിന്ന് പൂപറിക്കുന്ന രണ്ടു കുട്ടികളുടേയും ലീലകൾ ശ്രദ്ധിച്ചു കൊണ്ടിരിക്കുകയായിരുന്നു.

(തുടരും)

ധർമ്മം ചര (തൈ. ഉ. 1.11.1)
ധർമ്മാചരണം ചെയ്യൂ !

(മുൻലക്കത്തിന്റെ തുടർച്ച)



# ഹിന്ദുസംഘടന എന്തുകൊണ്ട്? എങ്ങനെ?

സ്വാമി ശ്രദ്ധാനന്ദൻ
തർജ്ജമ : കെ. എം. രാജൻ

മുഴുവൻ ഇന്ത്യൻ ഉപദ്വീപിലേയും ഹൈന്ദവ ജനസംഖ്യയുടെ യാഥാർത്ഥ്യമായ ഇടിവ് നോക്കിയാൽ അതിൽ പുതിയ പ്രദേശങ്ങളെ ഉൾപ്പെടുത്തുന്നതും ഒഴിവാക്കുന്നതും തമ്മിൽ വ്യത്യാസമുണ്ടാവില്ല എന്ന കേണൽ മുഖർജിയുടെ അഭിപ്രായത്തോട് ഞാനും യോജിച്ചു. ഈ പ്രശ്നത്തിന് കേണൽ മുഖർജി കണ്ട പരിഹാരം ഇപ്രകാരമാണ്.

കഴിഞ്ഞ മുപ്പതുവർഷളിലുണ്ടായ ഹിന്ദുജനസംഖ്യയുടെ കുറവിന്റെ അഞ്ചുശതമാനത്തിലെ വാസ്തവിക അനുപാതമെടുത്താൽ അതിനെ തടയാൻ കഴിഞ്ഞില്ലെങ്കിൽ ഇപ്പോഴത്തെ ആകെ ഹിന്ദുജനസംഖ്യയുടെ 69% 420 വർഷങ്ങൾക്കുള്ളിൽ (14*30= 420) ശൂന്യമായിത്തീരും ( Taking 5% to be the actual proporation of the decline of Hindus within thirty years, their present number of 69 percent will be swallowed us within 14X30 =420 yeras, if no efforts were made to put a stop to the present decline). കേണൽ മുഖർജിയുടെ അഭിപ്രായങ്ങൾ എന്നിൽ പ്രഭാവമുണ്ടാക്കി. ക്രിസ്ത്യൻ-മുസ്ലീം വിഭാഗങ്ങളിലേക്കു പോയവരെ തിരിച്ചുകൊണ്ടുവരുന്ന ശുദ്ധിപ്രസ്ഥാനത്തിൽ എനിക്ക് നേരത്തെ തന്നെ അഭിരുചിയുണ്ടായിരുന്നു. ഇപ്പോൾ ഞാൻ ഈ വിഷയത്തെക്കുറിച്ച് കൂടുതൽ അധ്യയനം ചെയ്യാനാരംഭിച്ചു. ഇതിനുശേഷം പതിമൂന്നുവർഷത്തോളം ഞാൻ സ്ഥിതിവിവരകണക്കുകളുടെ (Statstitics) വിദ്യാർത്ഥിയായിരുന്നു. എന്നാൽ 1923 ന്റെ ആരംഭത്തിൽ എന്റെ ഹൃദയവും ബുദ്ധിയും ജനങ്ങളുടെ രക്ഷക്കും ഉന്നതിക്കുമായുള്ള യുദ്ധത്തിലേർപ്പെട്ടു. എന്റെ വിചാരധാരകളേയും അനുഭവങ്ങളേയും ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കാൻ ഇപ്പോൾ സമയമായി എന്ന് എനിക്ക് തോന്നി .

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

(മുൻ ലക്കത്തിന്റെ തുടർച്ച)



# ഋഗ്വേദത്തിന്റെ ഋക് സംഖ്യ

പണ്ഡിറ്റ് യുധിഷ്ഠിർ മീമാംസക്
തർജ്ജമ : കെ.എം. രാജൻ

ഇതി ത്രീണ്യർധർച ഋഗ്ഘവനേ അധ്യയനേ। അർധർച ദ്വയേന ഋഗേകാ, അർധർചേ നൈകൈവ ഋഗ്ദ്വയേ കർത്തവ്യ ഇത്യർത്ഥഃ। ചരണവ്യൂഹം പേജ് 19,20) അധ്യയനസമയത്ത് അവയുടെ രണ്ട് അർധർചങ്ങളെ ഒരു ഋചയായും ഒരു അർധർചത്തെ ഒരു ഋചയായും ഗണിക്കാറുണ്ട്. ഇപ്രകാരം 94 എന്ന ഋക് സംഖ്യയുടെ വൃദ്ധിയുണ്ടാവുന്നു.

മഹിദാസന്റെ ഈ ഗണനയിൽ രണ്ടുകുറവുകളുണ്ട്. ഒന്നാമതായി മഹിദാസൻ അധ്യയനത്തിൽ ഋക്സംഖ്യയെ വിവരിക്കുന്നുവെന്ന് എഴുതിയിട്ടും അതിൽ നൈമിത്തിക ദ്വിപദകളെ ഗണിച്ചിട്ടുണ്ട്. അദ്ദേഹം അധ്യയനകാലത്ത് ചതുഷ്പദയായി സ്വയം നിർണയിച്ചിട്ടുണ്ട്. രണ്ടാമതായി ശൗനകൻ അനുവാകാനക്രമണികയിൽ 10417 ഋചകൾ പാരായണത്തിൽ ഗണിച്ചിട്ടുണ്ട്. അവയിൽ സംജ്ഞാനസൂക്തത്തിലെ 15 ഋചകളെ ഉൾപ്പെടുത്തിയിട്ടില്ല. എന്ന കാര്യം ഇതിനുമുമ്പും സൂചിപ്പിച്ചിട്ടുണ്ട്.

**ഛന്ദസംഖ്യാപരിശിഷ്ടവും ഋക്ഗണനയും**

ഋഗ്വേദത്തിന്റെ ഏതോ ഒരു ശാഖയുടെ ഛന്ദസംഖ്യ എന്നു പേരുള്ള പ്രാചീനമായ ഒരു പരിശിഷ്ടം ലഭ്യമാണ്. ഇവയിൽ പതിനൊന്ന് ശ്ലോകങ്ങൾ മാത്രമാണുള്ളത്. ആരംഭത്തിലെ പത്തുശ്ലോകങ്ങളിൽ ഗായത്രി മുതലായ ഛന്ദസ്സുകളുടെ വെവ്വേറെയുള്ള ഋക്സംഖ്യയെ ഉദ്ധരിച്ചിട്ടുണ്ട്. അതിനു ശേഷം വരുന്ന അവസാനത്തെ ശ്ലോകത്തിൽ സാമൂഹിക രൂപത്തിലുള്ള ഋക്സംഖ്യയെ വർണ്ണിച്ചിട്ടുണ്ട് ആ ശ്ലോകങ്ങൾ ഇവയാണ്.

1. ഏകപഞ്ചാശദ് ഋഗ്വേദേ ഗായത്ര്യഃ ശാകലേയകേ।

സഹസ്രം ദ്വിതയം ചൈവ ചത്വാര്യേവ ശതാനി തു॥

2.ത്രീണി ശതാനി സൈകാനി ചത്വാരിംശത്തഥോഷ്ണിഹഃ।

അനുഷ്ടുഭാം ശതാന്യഷ്ടൗ പഞ്ചാശത് പഞ്ചസംയുതാഃ ॥ (തുടരും)

സർവ്വ തദ് ഹന്മി ജനിമ ക്രമീണാമ് (അഥർവ്വം 2.31.5)
ഞാൻ കൃമികളെ ജന്മസ്ഥാനത്തു തന്നെ നശിപ്പിക്കും.



(മുൻലക്കത്തിന്റെ തുടർച്ച)

# ശ്രൗത കർമ്മകാണ്ഡത്തിന്റെ മഹത്വവും മഹർഷി ദയാനന്ദനും

ആചാര്യ ഉദയൻ മീമാംസക്
തർജ്ജമ : കെ.എം.രാജൻ

ഭഗവദ്ഗീതയിലും 'അഹം ക്രതുഃ' (9.16) എന്ന് പറയുന്നു. അതായത് ഞാൻ (ആത്മാവ്) ക്രതു എന്ന പേരുള്ളവനാണ്, കർമ്മശീലനാണ്. ഏതെല്ലാം കർമ്മങ്ങൾ ചെയ്യുന്നവനാണ്? ഇതിന്റെ ഉത്തരം തുടർന്നു വരുന്ന ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നു. അഹം ക്രതുരഹം യജ്ഞഃ (ഗീത 9.96). ഞാൻ (ജീവാത്മാവ്) കർമ്മശീലനാണ്, ക്രതുകർത്താവാണ്. 'അഹം യജ്ഞഃ' എന്നതിൽ ഞാൻ (ജീവാത്മാവ്) യജ്ഞമയനാണ്, യജനശീലനാണ്, യജ്ഞകർമ്മാനുഷ്ഠാതാവാണ്. അതായത് മനുഷ്യർ ആജീവനാന്തം ശ്രേഷ്ഠകർമ്മങ്ങളായ യജ്ഞം ചെയ്യുന്ന സ്വഭാവക്കാരാണ്. ആ ശ്രേഷ്ഠതമകർമ്മങ്ങളായ യജ്ഞങ്ങളെ നൂറു വർഷത്തോള മനുഷ്ഠിക്കാൻ വേദം ആജ്ഞാപിക്കുന്നു. ലൗകികമായ മറ്റുകർമ്മങ്ങളേയല്ല. ആ കർത്തവ്യമായ വൈദിക കർമ്മങ്ങളെ(യജ്ഞങ്ങളെ) സർവ്വാംഗീണമായി മനസ്സസിലാക്കേണ്ടത് അത്യാവശ്യമാണ്. എന്തെന്നാൽ 'പ്രയോജനമനുദ്ദിശ്യ നമ ന്ദോഽപി പ്രവർത്തതേ'. പ്രയോജനമില്ലായെങ്കിൽ മൂഢൻ പോലും കർമ്മനിരതനാവുന്നില്ല.

കർമ്മകാണ്ഡം മൂന്നായി വിഭജിച്ചിട്ടുണ്ട്.വൈദികം, താന്ത്രികം (പ്രാണതോഷിണി തന്ത്രം പ്രപഞ്ചസാരതന്ത്രം എന്നിവ താന്ത്രിക ഗ്രന്ഥങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഏതാനും പ്രമുഖ താന്ത്രിക കർമ്മകാണ്ഡങ്ങളുടെ നാമങ്ങൾ ഇവയാണ്.

1. പൂർണ്ണാഭിഷേക മഹാദീക്ഷ 2. ബാഹ്യമാതൃകാന്യാസം 3. അന്തരമാതൃകാന്യാസം 4. വിലോമ മാതൃകാന്യാസം 5. പീഠന്യാസം 6. ഷോഢാന്യാസം. 7. മാനസപൂജ, 8.സാമാന്യാർഘ്യം, 9. വിശേഷാർഘ്യം, 10. ഭൂതശുദ്ധി, 11. മാലാ പ്രതിഷ്ഠാ, 12. ദശമഹാവിദ്യ, 13. താരോപാസന, 14. വ്യാപകന്യാസം 15. മുദ്ര, 16. പഞ്ചോപചാരം, 17. ദശോപചാരം, 18. അഷ്ടാദശോപചാരം തുടങ്ങിയവ) മിശ്രിതം (വൈദികം + താന്ത്രികം)

(തുടരും)

പാവകവർണ്ണഃ ശുചയോ വിപശ്ചിതഃ (യജു. 33.81).
വിദ്വാൻ അഗ്നി തുല്യ തേജസ്വിയും പവിത്രവുമാണ്.

പജിൽ 10 ന്റെ തുടർച്ച...

## ഭാരതത്തിലെ നൂതന ജാതി വ്യവസ്ഥ

ഇന്ന് ഭാരതത്തിൽ നവജാതിസമ്പ്രദായങ്ങൾ ഉരുത്തിരിഞ്ഞുവരുന്നുണ്ട്. ഉദാഹരണത്തിന് പണം ഒരു വിഭാഗത്തെ സൃഷ്ടിക്കുന്നു. സമ്പന്നർ സമ്പന്നരുമായി മാത്രം സൗഹൃദവും വൈവാഹികബന്ധവും പുലർത്താൻ ആഗ്രഹിക്കുന്നു. ആ സമയത്ത് പരമ്പരാഗത ജാതികളെ മറക്കുന്നു. നഗരങ്ങളിൽ ഇന്ന് മിശ്രവിവാഹം ഇതിനുള്ള തെളിവാണ്. നഗരത്തിന്റെ മറ്റൊരു മുഖമായ ചേരി നിവാസികൾ അവരുടെ വാസസ്ഥലത്തിന്റെ അടിസ്ഥാനത്തിൽ സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ടു നിൽക്കുന്നു. ഇക്കൂട്ടർ ഇന്നു നേരിടുന്ന പ്രധാനപ്രശ്ം ഇവരുടെ പുതുതലമുറയിലേക്ക് ഒഴികിയെത്തുന്ന ലഹരിയുടെ കൈകളാണ്. സമൂഹത്തിലെ വേർതിരിവുകളുടെ ബുദ്ധിമുട്ടുകളും അല്പസുഖത്തിനായുള്ള താത്പര്യവുമാണ് ഈ പ്രശ്നത്തിനു കാരണം.

ഇതുപോലെ പല തരത്തിലും പണം, അധികാരം എന്നിവ ജനങ്ങളിൽ വേർതിരിവ് സൃഷ്ടിക്കുന്നു. അധികാരസ്ഥാനത്തുള്ളവരും അതിനെ ആഗ്രഹിക്കുന്നവരും അത്തരത്തിലുള്ള ബന്ധങ്ങളെയാണ് പ്രോത്സാഹിപ്പിക്കുന്നത്. ഉദാഹരണത്തിന് ചണ്ഡിഗഢ് നഗരം ഇന്ന് വിരമിച്ച പട്ടാള ഉദ്ദ്യോഗസ്ഥരുടേയും സിവിൽ സർവ്വീസ് ഉദ്ദ്യോഗസ്ഥരുടേയും റിട്ടയർമെന്റ് ജീവിതം നയിക്കാനുള്ള പ്രധാന വികല്പ (Choice) മാണ്.

### മറ്റുമതസ്ഥരുടെ ഇടയിൽ ജാതി

പ്രധാനമായും ക്രസ്ത്യൻ മുസ്ലീം വിഭാഗങ്ങൾക്കിടയിലാണ് ഇത് നിലനിൽക്കുന്നത് ക്രിസ്ത്യാനികൾക്കിടയിൽ ഓർത്തഡോക്സ്, കത്തോലിക്കർ, ലാറ്റിൻ കത്തോലിക്കർ തുടങ്ങിയ പലവിഭാഗങ്ങൾ ഉണ്ട്. ഇക്കൂട്ടർ പരസ്പരം വൈവാഹികബന്ധം പോലുള്ള ആഴമുള്ള ബന്ധങ്ങൾ ഇഷ്ടപ്പെടുന്നില്ല. കൂടാതെ പരസ്പരം ആചാരങ്ങളോട് ഇക്കൂട്ടർക്ക് അവജ്ഞയും വിരോധവും വെച്ച് പുലർത്തുന്നു. മുസ്ലീങ്ങൾക്കിടയിൽ പ്രസിദ്ധമായ ഷിയ-സുന്നി പ്രശ്നങ്ങൾ ചിലപ്പോൾ കൂട്ടക്കൊലയിലേക്ക് വരെ എത്തിയ ചരിത്രങ്ങൾ കേരളത്തിൽ തന്നെ ഉണ്ട്. കൂടാതെ ഈ വിഭാഗങ്ങൾക്കിടയിലെ ക്രിസ്ത്യൻ, മുസ്ലിം ദുരഭിമാന കൊലയും കേരളചരിത്രത്തിൽ അപരിചിതമല്ല. ദളിത് ക്രിസ്ത്യാനി ആയ കെവിന്റെ കൊലപാതകം കേരളം മറന്നു കാണില്ല.


### ജാതി നിലനിർത്താൻ മത്സരിക്കുന്നവർ

ഇക്കൂട്ടരിൽ ഏറ്റവും പ്രധാനികൾ ജാതിസംഘടനകളുടെ അമരക്കാരാണ്. ഒരു വിഭാഗത്തിന്റെയോ ജാതിയുടേയോ രക്ഷാകർതൃത്വം സ്വയം ഏറ്റെടുത്തു എന്നു നടിക്കുന്ന ഇവർക്ക് ഈ ജാതിവ്യവസ്ഥ സൂഹത്തിൽ നിന്നും പോകണം എന്ന് ലവലേശം ആഗ്രഹമില്ല. കാരണം ഇത് ഇന്ന് പലരുടേയും ധനാഗമമാർഗവും ഗവൺമെന്റുകളെ സ്വാധീനിക്കാനുള്ള ആയുധവുമാണ്.

മറ്റൊരുകൂട്ടർ രാഷ്ട്രീയ പാർട്ടികളാണ്. ഇന്ന് ഭാരതത്തിലെ പല രാഷ്ട്രീയ പാർട്ടികളും പരസ്യമായും രഹസ്യമായും ജാതിവ്യവസ്ഥയെ പിൻതാങ്ങുന്നു. (തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)

ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !



(മുൻലക്കത്തിന്റെ തുടർച്ച)

# മാപ്പിള ലഹള: തിരനോട്ടം 1

എ. വിനോദ് (സഹ സംയോജകൻ, 1921 മാപ്പിള കലാപ രക്തസാക്ഷിത്വ ശതാബ്ദി അനുസ്മരണസമിതി)

## തലവെട്ടി പെൻഷൻ

മറുവശത്ത് നമ്പൂതിരി മുതൽ നായാടി വരെയുള്ള സകലമാന ഹിന്ദു ജനതയും പീഡനത്തിന് ഇരയായി. അവരെ സഹായിച്ച മുസ്‌ലീങ്ങളും അക്രമിക്കപ്പെട്ടു. കോഴിക്കോട് താലൂക്കിലെ ആകെ 65 അംശങ്ങളിൽ 23 അംശങ്ങളിലും വള്ളുവനാട് 118 ൽ 68 ലും പൊന്നാനിയിൽ 121 ൽ 35 അംശങ്ങളിലുമായി കലാപം പരിമിതപ്പെട്ടപ്പോൾ ഏറനാട്ടിൽ ആകെയുള്ള 94 അംശങ്ങളിൽ 94 ലും രക്തപങ്കിലമായ കലാപം നടന്നു.മനസ്സാക്ഷിയെ നടുക്കുന്ന കൊലപാതകങ്ങൾ, നിർബന്ധിത മതംമാറ്റം, കൂട്ടബലാൽസംഗങ്ങൾ, കൊള്ള, കൊള്ളിവെപ്പ്, ക്ഷേത്ര ധ്വംസനങ്ങൾ, വിള നശിപ്പിക്കൽ സർക്കാർ വക സ്ഥാപനങ്ങൾ, ഗതാഗത വാർത്താവിനിമയ സംവിധാനങ്ങൾ നശിപ്പിക്കൽ എന്നിവയെല്ലാം ഇതിൻറെ ഭാഗമായി വ്യാപകമായി നടന്നു. ജീവഹാനിയും സ്വത്ത് നാശവും എത്രയെന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നായിരുന്നു ഔദ്യോഗിക ഭാഷ്യം.

കലാപകാരികളിൽ നിന്ന് ജാതിഭേദം ഇല്ലാതെ ഹിന്ദുക്കളും ഭരണാധികാരികളിൽ നിന്ന് മാപ്പിള കലാപകാരികളും അവരെ പിന്തുണച്ചവരും കൊടിയ പീഡനങ്ങൾ ഏറ്റുവാങ്ങി. കലാപം ഈ പ്രദേശത്തെ ഹിന്ദു മുസ്‌ലിം സൗഹൃദത്തിന്റെ പൈതൃകത്തെ തീവ്രമായി ഉലക്കുകയും ദേശീയ തലത്തിൻ മതരാഷ്ട്രീയത്തിന്റെ വേറിടൽ ശക്തിക്ക് പുതിയ മാനം കൈവരിക്കുകയും ഉണ്ടായി. ലഹളയെ കർഷക കലാപമാക്കാൻ ബോധപൂർവ്വമായ ശ്രമം ആദ്യകാലം മുതലേ നടന്നു. ബംഗാളിയും കമ്യൂണിസ്റ്റ് നേതാവുമായിരുന്ന അബനി മുഖർജി ആയിരുന്നു തുടക്കക്കാരൻ. എന്നാൽ ലഹളയെ തുടക്കം മുതലേ തള്ളിപ്പറയാനും ഹിന്ദു മുസ്‌ലിം ഐക്യത്തിന് വേണ്ടി നിലനിൽക്കാനും കോൺഗ്രസ് നേതൃത്വം ശ്രമിച്ചുകൊണ്ടിരുന്നു.

(തുടരും)

സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)
ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !

# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

## കാത്യായന ശ്രൗതസൂത്രത്തെ അടിസ്ഥാനമാക്കി ഇഷ്ടി നടന്നു.

കാറൽമണ്ണ: '2021 മേയ് 26,27 തിയ്യതികളിൽ കാറൽമണ്ണ വേദഗുരുകുലത്തിൽ വെച്ച് കാത്യായന ശ്രൗതസൂത്രത്തെ അടിസ്ഥാനമാക്കിയ ഇഷ്ടി കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വിധിയാം വണ്ണം നടന്നു. കേരളത്തിലെ നവോത്ഥാന ചരിത്രത്തിലെ പുതിയ ഒരധ്യായമായിരുന്നു അത്. വർണ്ണ വ്യത്യാസമില്ലാതെ (ജന്മനായുള്ള) യോഗ്യരും ജിജ്ഞാസുക്കളുമായ ഗുരുകുലത്തിലെ ബ്രഹ്മചാരികളായിരുന്നു ഈ യാഗത്തിലെ ഋത്വിക്കുകൾ എന്നതായിരുന്നു അതിന്റെ സവിശേഷത. കേരളത്തിൽ ശ്രൗതയാഗങ്ങൾ ജന്മനാ ബ്രാഹ്മണരായവർ മാത്രമാണ് കാലങ്ങളായി ചെയ്തുവരുന്നത്. അതിൽ നിന്നുള്ള ഒരു വ്യതിയാനമായിരുന്നു ഇത്. ശ്രൗതസൂത്രമനുസരിച്ച് ഋത്വിക്കുകൾക്ക് നിരവധി യോഗ്യതകൾ വേണ്ടതുണ്ട്. ജന്മം കൊണ്ട് ഇത് ആർക്കും നേടാൻ സാധിക്കുകയില്ല. അനാവശ്യ ആർഭാടങ്ങളും വാണിജ്യ ലാക്കോടുകൂടിയുള്ള വേദാദി ശാസ്ത്രങ്ങൾക്ക് വിരുദ്ധവുമായ കർമ്മങ്ങൾ ഒഴിവാക്കിയായിരുന്നു ഈ ഇഷ്ടി നടത്തിയത് എന്നും ഒരു പ്രത്യേകതയാണ്. ശാസ്ത്രങ്ങളിൽ വിധിച്ചിട്ടുള്ളതും താരതമ്യേന വലിയ സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ സാമൂഹ്യ സമരസത എന്ന ലക്ഷ്യത്തെ ഊട്ടിയുറപ്പിക്കുന്നതുമായിരുന്നു ഈ ചടങ്ങ്.





യോ അഭ്രജാ വാതജാ യശ്ച ശുഷ്മഃ (അഥർവ്വം 1.12.3)

രോഗങ്ങൾ വാത, പിത്ത, കഫദോഷത്താൽ ഉണ്ടാകുന്നു.

ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/07/2021*

*RNI NO. KERMAL/2013/53849*
*REGISTERED NO. OTTAPALAM/5/2020-23*

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ (സ്റ്റോക്ക് ഉള്ളത്)

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ - Rs.250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ - Rs.60.00
3. വൈദികധർമ്മ ആര്യസമാജ പ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ - Rs. 40.00
4. ആര്യസമാജം എന്ത്? എന്തിന്? - ലത രാജൻ - Rs. 10.00
5. വൈദിക നിത്യകർമ്മവിധി - കെ.എം.രാജൻ - Rs. 20.00
6. വേദാന്തിധ്വാന്ത നിവാരണം - Rs. 25.00
   മഹർഷിദയാനന്ദ സരസ്വതി. തർജ്ജമ : കെ.എം.രാജൻ
7. പൂനാ പ്രവചനം (ഉപദേശമഞ്ജരി) - Rs. 200.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
8. ആര്യോദ്ദേശ്യരത്നമാല - Rs. 25.00
   മഹർഷി ദയാനന്ദ സരസ്വതി. തർജ്ജമ. കെ.എം.രാജൻ
9. സംശയനിവാരിണി -Rs. 200.00
   ശ്രീ.മദൻ രഹേജ തർജ്ജമ : കെ.എം.രാജൻ
10. വേദപ്രകാശം പാഠാവലി - കെ.എം.രാജൻ - Rs. 40.00
11. മഹർഷി ദയാനന്ദസരസ്വതി (ജീവചരിത്രം) - കെ.എം.രാജൻ - Rs. 60.00
12. ശത്രുവോ? മിത്രമോ? - കെ.എം.രാജൻ - Rs. 35.00
13. ശിവസങ്കല്പം - കെ.എം.രാജൻ - Rs. 30.00
14. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും - കെ.എം.രാജൻ - Rs. 40.00
15. വൈദിക ഈശ്വരൻ - കെ.എം.രാജൻ - Rs. 35.00
16. കാലാ പഹാഡ് അഥവാ കാലാചന്ദ് റായ് - കെ.എം.രാജൻ - Rs. 60.00
17. 1921 മാപ്പിള ലഹള - ദിവാൻ ബഹാദൂർ സി.ഗോപാലൻനായർ - Rs. 250.00

(തപാൽ ചെലവ് പുറമെ)

### അച്ചടിയിലുള്ളവ

1. 1921: മലബാറും ആര്യസമാജവും - മഹാത്മാ ആനന്ദസ്വാമി, തർജ്ജമ : പി. നാരായണൻ
2. ദ്രൗപദിയും പഞ്ചപതികളും - അമർസ്വാമി സരസ്വതി, തർജ്ജമ : കെ.എം.രാജൻ
3. യോഗദർശനം
   (മഹർഷി വ്യാസഭാഷ്യസഹിതം) - സ്വാമി സത്യപതി പരിവ്രാജക്, തർജ്ജമ. കെ.എം.രാജൻ
4. വേദങ്ങളെ അറിയുക - ഡോ.വിവേക് ആര്യ, തർജ്ജമ : കെ.എം.രാജൻ
5. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം - കെ.എം.രാജൻ
6. പുരാണങ്ങൾ; സത്യവും മിഥ്യയും - കെ.എം.രാജൻ

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad-679 504. Printed at Mudra Printers, Cherpulassery. and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O), Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan

**Email: dayanandasandesam@gmail.com** **Phone: 7907077891, 9562529095**